"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സ്റ്റോർസ് പർച്ചേസ് വകുപ്പ് - കോഴിക്കോട് അസിസ്റ്റന്റ് സ്റ്റേഷനറി കൺട്രോളർക്ക് അവധി അനുവദിച്ചതിനെ തുടർന്ന് പൂർണ്ണ അധിക ചുമതല സ്റ്റേഷനറി ഇൻസ്പെക്ടർക്ക് നൽകിയ സ്റ്റേഷനറി കൺട്രോളറുടെ നടപടി സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സ്റ്റോർസ് പർച്ചേസ്(സി ) വകുപ്പ്**

സ.ഉ.(സാധാ) നം.107/2023/SPD തീയതി,തിരുവനന്തപുരം, 23-09-2023

---

പരാമർശം:- 1. സ്റ്റേഷനറി കൺട്രോളറുടെ 11/08/2023 ലെ STY/1691/22/E1 നമ്പർ കത്ത്.

**ഉത്തരവ്**

കോഴിക്കോട് അസിസ്റ്റന്റ് സ്റ്റേഷനറി കൺട്രോളർ ശ്രീ. ഷിബു സി. യ്ക്ക് (പെൻ - 214252), പൊതു അവധി ദിവസമായ 04/06/2023 തീയതി പിന്നിൽ ചേർത്ത് 18/05/2023 മുതൽ 03/06/2023 വരെ 17 ദിവസത്തെ ആർജ്ജിതാവധി അനുവദിക്കുകയും, പ്രസ്തുത കാലയളവിലേയ്ക്ക് കോഴിക്കോട് സ്റ്റേഷനറി ഇൻസ്പെക്ടറായ ശ്രീ വി.പി. അബൂബക്കറിന് (പെൻ - 214259) അസിസ്റ്റന്റ് സ്റ്റേഷനറി കൺട്രോളറുടെ പൂർണ്ണ അധിക ചുമതല നല്കിയ സ്റ്റേഷനറി കൺട്രോളറുടെ നടപടി സാധൂകരിച്ച് ഉത്തരവ് നൽകണമെന്ന് പരാമർശ കത്ത് പ്രകാരം സ്റ്റേഷനറി കൺട്രോളർ സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു .

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും കോഴിക്കോട് അസിസ്റ്റന്റ് സ്റ്റേഷനറി കൺട്രോളർ ശ്രീ. ഷിബു സി -യ്ക്ക് 18/05/2023 മുതൽ 03/06/2023 വരെ 17 ദിവസത്തെ ആർജ്ജിതാവധി അനുവദിച്ച , പ്രസ്തുത കാലയളവിലേയ്ക്ക്, വകുപ്പിന്റെ ദൈനംദിന പ്രവർത്തനങ്ങൾ നിറവേറ്റുന്നതിനായി കോഴിക്കോട് സ്റ്റേഷനറി ഇൻസ്പെക്ടറായ ശ്രീ വി.പി. അബൂബക്കറിന് കോഴിക്കോട് അസിസ്റ്റന്റ് സ്റ്റേഷനറി കൺട്രോളറുടെ പൂർണ്ണ അധിക ചുമതല നല്കിയ സ്റ്റേഷനറി കൺട്രോളറുടെ നടപടി സാധൂകരിച്ച് ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
PRAMOD V R
ജോയിന്റ് സെക്രട്ടറി

പകർപ്പ് :-
സ്റ്റേഷനറി കൺട്രോളർ

സ.ഉ.(സാധാ) നം.107/2023/SPD

ശ്രീ. ഷിബു സി, അസിസ്റ്റന്റ് സ്റ്റേഷനറി കൺട്രോളർ, കോഴിക്കോട്

വി.പി. അബൂബക്കർ, സ്റ്റേഷനറി ഇൻസ്പെക്ടർ ,കോഴിക്കോട്

അക്കൗണ്ടന്റ് ജനറൽ (എ &ഇ ),കേരള,തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് ) കേരള,തിരുവനന്തപുരം

ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by

Bindu V K

Date: 23-08-2023 14:27:49

സെക്ഷൻ ഓഫീസർ